

2017 ഏപ്രിൽ 2

**യോഹ. 10:11 – 18**

# വചനസന്ദേശം

**റവ. ഫാ. പെരേപ്പാടൻ പോൾസൺ**

---

വഴി കാണിച്ചു തരാം എന്ന വാഗ്ദാനവുമായി വന്ന പലരും വഴിമുടക്കികൾ ആയിരുന്നു. പ്രകാശഗോപുരങ്ങൾ എന്നു പറഞ്ഞ് അവതരിച്ച പലരും അങ്ങനെയായിരുന്നില്ല. ഇടയ വേഷത്തിൽ വന്ന പലരും ചെന്നായ്ക്കളായിരുന്നു. ഈ പറഞ്ഞതിനെല്ലാം ചരിത്രം തന്നെ സാക്ഷിയാണ്. പറഞ്ഞത് വീണ്ടും വീണ്ടും മാറ്റിപറഞ്ഞ, പറഞ്ഞതും ചെയ്തതും തമ്മിൽ ബന്ധം പുലർത്താൻ സാധിക്കാതെ വന്ന ഒരുപാട് അവതാരങ്ങൾ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ഇന്നും ജീവിക്കുന്നുണ്ട്. ക്രിസ്തു മാത്രം ഇവരിൽ നിന്നൊക്കെ വ്യത്യസ്തനായി ഒറ്റപ്പെട്ട് നിൽക്കുന്നു. കാരണം അവൻ പറഞ്ഞത് ചെയ്തിട്ടുണ്ട്. ചെയ്യാൻ പറ്റുന്നതു മാത്രമേ പറഞ്ഞിട്ടുള്ളൂ. "ഞാൻ നല്ല ഇടയനാണ്" എന്നത് പൂർത്തീകരിച്ചത് ജീവിതം കൊണ്ടാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു എന്നത് ഒരു വ്യക്തിചിത്രമായി കാൽവരിയിൽ പൂർത്തീകരിക്കപ്പെടുന്നു. വലിയ ആഴ്ചയിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്ന ഈ സമയത്ത് തിരുസഭ നമുക്ക് ചിന്താവിഷയമായി നല്കുന്നത് ഈ ഇടയന്റെ ജീവിതമാണ്. ആടുകൾക്കുവേണ്ടി ജീവൻ വെടിഞ്ഞ ഇടയന്റെ ജീവിതം.

ഈശോ പറഞ്ഞ എല്ലാ ഉപമകളും ദൃഷ്ടാന്തങ്ങളും യഹൂദർക്ക് എളുപ്പം മനസ്സിലാവുന്നതായിരുന്നു. എല്ലാം അവരുടെ ദൈനംദിന ജീവിതത്തിൽ കാണുന്ന കാര്യങ്ങളായിരുന്നു. നല്ല ഇടയൻ എന്ന ആശയം യഹൂദർക്ക് അവരുടെ ചരിത്രം തന്നെയായിരുന്നു. കാരണം, ആബേൽ, അബ്രാഹം, മോശ തുടങ്ങി അവരുടെ പൂർവ്വപിതാക്കൾ പലരും ഇടയന്മാരായിരുന്നു. ദാവീദ് നല്ലൊരു ഇടയനാണെന്ന് ദാവീദ് തന്നെ പറയുന്നുണ്ട്. ഇസ്രായേലിന്റെ പ്രധാന ഒരു തൊഴിൽ ഇടയപ്പണി ആയിരുന്നു. ഇടയൻ തന്റെ ആടുകളെ സ്നേഹിക്കുന്നതുപോലെയാണ് യഹോവ തന്റെ ജനമായ ഇസ്രായേലിനെ സ്നേഹിക്കുന്നതെന്ന് പ്രവാചക വചനങ്ങളിൽ പലയിടത്തും കാണുന്നുണ്ട് (ജെറ. 31:10; ഏശ. 40:11; എസ. 34:11–12; സങ്കീ. 23).

ഇടയന്റെ കഥ യഹൂദർക്ക് മനസ്സിലായെങ്കിലും ഈ കഥ പറയുന്നവൻ തന്നെയാണ് ഈ നല്ല ഇടയൻ എന്ന് അവർക്ക് മനസ്സിലായില്ല. ഇസ്രായേലിന്റെ ഏക ഇടയനും വിശ്വസ്ത ഇടയനുമായി ആണ് ഈശോ തന്നെത്തന്നെ അവതരിപ്പിക്കുന്നത്. ഇടയൻ എന്നത് ഒരു ജോലിയോ അധികാരമോ അല്ല; അത് ഹൃദയത്തിന്റെ ഒരു ഭാവമാണ്. കരുണ, കരുതൽ, കാവൽ എന്നീ വികാരങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാവുന്ന ഒരു ഭാവം. നല്ല ഇടയൻ എന്ന വിശേഷണം കൃത്യമായി മനസ്സിലാവണമെങ്കിൽ ഇടയൻ നയിക്കുന്ന ആടുകളുടെ പ്രത്യേകതകൾ അറിയണം. താരതമ്യേന വളരെ ബുദ്ധികുറഞ്ഞതും കാഴ്ച കുറഞ്ഞതുമായ ഒരു മൃഗമാണ് ആട്. അതുകൊണ്ടുതന്നെ അവയെ നയിക്കുക എന്നത് നല്ല ഒരു കഷ്ടപ്പാട് നിറഞ്ഞ ഒരു പണിയാണ്. കോളജുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരേക്കാളും വിദ്യാഭ്യാസ യോഗ്യത താഴ്ന്ന ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കാണു വേണ്ടത് എന്നതും ഇതിനോടു ചേർന്നു വായിക്കേണ്ടതാണ്. അവസാനത്തേതിനേയും നഷ്ടപ്പെട്ടതിനേയും ചെറുതിനേയുമൊക്കെ (last, lost & lease) സ്നേഹിക്കാൻ പഠിക്കുമ്പോഴാണ്, ഒന്നിച്ചുകൊണ്ടുപോകാൻ കഴിയുമ്പോഴാണ്, സ്വന്തമാക്കാൻ കഴിയുമ്പോഴാണ് ഇടയൻ നല്ല ഇടയനാവുന്നത്. ഈശോ ഇടയൻ മാത്രമല്ല, അവൻ അവയുടെ ഭക്ഷണവും മേച്ചിൽപ്പുറവുമാണ്. ആടുകൾക്ക് മൂന്നു കാര്യങ്ങളാണ് അത്യാവശ്യമായി വേണ്ടത്. ഇടയൻ, ഭക്ഷണം, മേച്ചിൽപ്പുറം. ഇവ മൂന്നും തന്നിൽ കണ്ടെത്താനാണ് ഈശോ നമ്മോട് ആഹ്വാനം ചെയ്യുന്നത്.

നോമ്പുകാലത്തിന്റെ ഈ അവസാന നാളുകളിൽ ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും അനുസ്മരിക്കുന്ന വലിയ ആഴ്ചയിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്ന ഈ സമയത്ത് നമുക്കായി ജീവനർപ്പിച്ച നല്ല ഇടയനായ ഈശോയെ നമുക്ക് ധ്യാനിക്കാം. സീറോ-മലബാർ കുർബാനയിലെ പ്രാർത്ഥന ശ്രദ്ധേയമാണ്. "കർത്താവേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ച് വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാ സഭ അങ്ങയുടേതാകുന്നു." നാം നല്ലിടയനായ ഈശോയുടേതാണെന്നും നല്ലിടയനായ ഈശോ നമ്മുടേതാണെന്നുമുള്ള ഉത്തമബോധ്യത്തിൽ നമുക്കു ജീവിക്കാം... കർത്താവ് എന്റെ ഇടയനാകുന്നു. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.